## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** | **13.07.2015 - ൽ**
**നിയമസഭാ ചോദ്യം നമ്പർ: 3062** | **മറുപടിയ്ക്ക്**

### നിരാക്ഷേപ പത്രം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ** | | **ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്ന് ബഹുനിലമന്ദിരങ്ങൾക്കും പാർപ്പിട സമുച്ചയങ്ങൾക്കും നൽകിയ നിരാക്ഷേപ പത്രങ്ങൾഎത്രയാണെന്ന് വെളിപ്പെടുത്താമോ; | (എ) | 1929 അന്തിമ നിരാക്ഷേപ പത്രം. |
| (ബി) നാഷണൽ ബിൽഡിംഗ് കോഡ്, 2005 പ്രകാരമുള്ള ഫയർ & ലൈഫ് സേഫ്റ്റിക്ക് വേണ്ടി നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണോ പ്രസ്തുത നിരാക്ഷേപ പത്രങ്ങൾ എല്ലാം നൽകിയിട്ടുള്ളത്: അല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ: | (ബി) | 2005 ലെ നാഷണൽ ബിൽഡിംഗ് കോഡിൽ ഫയർ & ലൈഫ് സേഫ്റ്റിക്ക്വേണ്ടി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പരിശോധിച്ചാണ് നിരാക്ഷേപ പത്രങ്ങൾ നൽകിവരുന്നത്. |
| (സി) എത്ര നിർമ്മാണ അപേക്ഷകൾ ഈ കാലയളവിൽ സമർപ്പിക്കുകയുണ്ടായിട്ടുണ്ട്: വിശദമാക്കാമോ: | (സി) | 4982 അപേക്ഷകൾ |

| | |
|---|---|
| (ഡി) എത്ര മീറ്റർ ഉയരമുള്ള, എത്ര നിലകൾക്ക് മുകളിലുള്ള കെട്ടിടങ്ങൾക്കാണ് പ്രസ്തുത വകുപ്പിന്റെ നിരാക്ഷേപ പത്രങ്ങൾ ആവശ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ : പ്രസ്തുത അനുമതിയുമായി ബന്ധപ്പെട്ട നിയമ വ്യവസ്ഥകൾ വിശദമാക്കാമോ? | (ഡി) കെട്ടിടത്തിന്റെ ടൈപ്പ് ഓഫ് ഒക്യൂപൻസിക്ക് അനുസരണമായിട്ടാണ് നിരാക്ഷേപ പത്രം ആവശ്യമായിവരുന്നത്. അസംബ്ളി, ഇൻഡസ്ട്രിയൽ സ്റ്റോറേജ്, ഹസാർഡസ് കാറ്റഗറിയിലുള്ള കെട്ടിടങ്ങൾക്ക് ഒരു നിലയായിരുന്നാൽപ്പോലും നിരാക്ഷേപ പത്രം ആവശ്യമാണ്. റെസിഡൻഷ്യൽ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ എന്നീ കാറ്റഗറികളിൽ ഉള്ള കെട്ടിടങ്ങൾക്ക് 3 നിലകൾക്ക് മുകളിലേയ്ക്കും , കൊമേഴ്സ്യൽ കാറ്റഗറിയിലുള്ള (ബിസിനസ്, മെർക്കന്റയിൽ) കെട്ടിടങ്ങൾക്ക് നില നിരപ്പിൽ നിന്നും രണ്ടു നിലയ്ക്ക് മുകളിലേയ്ക്കും നിരാക്ഷേപ പത്രം ആവശ്യമാണ്.<br><br>കേരളാ മുനിസിപ്പൽ ബിൽഡിംഗ് റൂളിലെ അദ്ധ്യായം 7 ൽ കെട്ടിടങ്ങൾക്കുള്ള വിശേഷാൽ വ്യവസ്ഥകളിൽ റൂൾ 54 (4 (എ)), 55(9), 56(6), 57(11എ), 58(5 എ), 59(5എ) എന്നിവകളിലാണ് അഗ്നിശമന സേനാ ഡയറക്ടറിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ